**റൂളിംഗ്**

<u>പിശകുകൾ ഒഴിവാക്കേണ്ടത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ)" ചട്ടങ്ങളിന്മേൽ ഇപ്പോൾ സഭ അംഗീകരിച്ച ഒട്ടുമിക്ക ഭേദഗതികളും അതിന്റെ ഡ്രാഫ്റ്റിംഗ് തലത്തിൽ കടന്നുകൂടിയ പിശകുകളാണെന്നാണ് കാണുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിൽ കടന്നുകൂടുന്ന പിശകുകൾ തിരുത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വംകൂടി സഭാതലത്തിൽ ഏറ്റെടുക്കുന്നത് സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടാൻ ഇടയാക്കുന്നതാണ്. ഇന്ന് സഭ അംഗീകരിച്ച ഭേദഗതികൾ നിയമാനുസൃതം പ്രസിദ്ധീകരിക്കാനും ചട്ടം 168 പ്രകാരം എത്രയും വേഗം സഭയുടെ മേശപ്പുറത്തുവയ്ക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.